**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2862 | 17.10.2016 ൽ മറുപടിക്ക്

## ആരോഗ്യരംഗത്ത് വരുത്താൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യരംഗത്ത് വരുത്താൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി ആരോഗ്യരംഗത്ത് കാതലായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പകർച്ചവ്യാധി നിയന്ത്രണം, ജീവിതശൈലി രോഗ നിയന്ത്രണം, സാന്ത്വന ചികിത്സാ പദ്ധതി, അർബുദ രോഗ ചികിത്സ, ട്രോമാകെയർ, മാതൃ-ശിശു സംരക്ഷണ പദ്ധതി തുടങ്ങി ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും കാലോചിതമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ മേഖലയിലും അവലംബിക്കേണ്ട ലക്ഷ്യങ്ങൾ കണ്ടെത്തുകയും വരും വർഷങ്ങളിൽ ഇത് കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.<br>ആരോഗ്യസ്ഥാപനങ്ങളിലെ ചികിത്സാ സൗകര്യം സ്റ്റാൻഡേഡൈസ് ചെയ്യുന്നതിനും, പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കാനും മറ്റുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കായി വിദഗ്ധസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.<br>ജില്ലാതലത്തിൽ ഒരു ആശുപത്രിയിൽ സൂപ്പർസ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങളും താലൂക്ക്തലത്തിൽ ഒരു ആശുപത്രിയിൽ മേജർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും ഘട്ടംഘട്ടമായി ഏർപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ബി.പി.എൽ കാർക്ക് ചികിൽസ പൂർണ്ണമായും സൗജന്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവർക്ക് ചികിത്സ സൗജന്യമായാണ് നൽകുന്നത്. ഇതിനും പുറമേ ആർ.എസ്.ബി.വൈ, ചിസ് കാർഡ്, ചിസ് പ്ലസ് കാർഡ് പദ്ധതികളുടെ സേവനവും ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവർക്ക് ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ